പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .7728 23.07.2012-ൽ മറുപടിക്ക്

## പഞ്ഞമാസ സമാശ്വാസ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യത്തിന് ഈ വർഷം എത്ര തൊഴിലാളികൾ അർഹരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യത്തിന് ഈ പദ്ധതിയിൽ ചേർത്തിട്ടുള്ള 1,82,793 മത്സ്യത്തൊഴിലാളികൾ അർഹരായിട്ടുണ്ട്. |
| (ബി) | പഞ്ഞമാസ സമാശ്വാസ പദ്ധതിയിലൂടെ ഈ വർഷം ഓരോ തൊഴിലാളിക്കും പ്രതിമാസം എത്ര തുക വീതം ലഭ്യമാക്കുമെന്നും എത്ര മാസത്തേയ്ക്ക് ലഭ്യമാക്കു മെന്നും വ്യക്തമാക്കാമോ; | (ബി) | പഞ്ഞമാസ പദ്ധതിയിലൂടെ ഓരോ തൊഴിലാളിയിൽ നിന്നും സമാഹരിച്ച 600 രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 600 രൂപയും കേന്ദ്ര വിഹിതമായ 600 രൂപയും ചേർന്ന് 1800 രൂപ, കടലോര മേഖലയിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലും ഉൾനാടൻ മേഖലയിലുള്ളവർക്ക് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുമായി തിരികെ നൽകുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായുള്ള കേന്ദ്ര - സംസ്ഥാന വിഹിതങ്ങൾ എത്രയാണെന്നും അവ ലഭ്യമായോയെന്നും വിശദമാക്കുമോ; | (സി) | കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചേർന്നുള്ള തുക സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തി അനുവദിച്ചു നൽകുന്നു. 2011-12 ലെ പദ്ധതിയുടെ ആകെ സർക്കാർ വഹിതം 2157 ലക്ഷം രൂപയാണ്. ഇതിൽ 50% കേന്ദ്ര വിഹിതവും 50% സംസ്ഥാന വിഹിതവും ഉൾപ്പെടുന്നു. ഇതിനകം 10 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കുള്ള കേന്ദ്ര വിഹിതം ലഭ്യമാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ഡി) | കേന്ദ്രവിഹിതം ലഭ്യമാക്കാൻ ആരേയും ചുമതലപ്പെടുത്തിയിട്ടില്ല. ഇതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ, ഫിഷറീസ് വകുപ്പ് മുഖേന കേന്ദ്ര സർക്കാരിലേയ്ക്ക് നേരിട്ട് അയയ്ക്കുകയാണ് ചെയ്യുന്നത്. |
| (ഇ) | നടപ്പുവർഷം ഇതിനായുള്ള നടപടികൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ഇ) | ഇതൊരു തുടർ പദ്ധതിയാണ്. അതനുസരിച്ച് 2012-13 ലെ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷമാണ് തുക വിതരണം ചെയ്യുന്നത്. |
| (എഫ്) | തുക ലഭ്യമായില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ